## ധനകാര്യമന്ത്രി നോട്ടുമാല സ്വീകരിച്ച സംഭവം

198 (1903) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകാര്യ മന്ത്രിക്ക് കറൻസി നോട്ടുകൾ കൊണ്ട് മാല ധരിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നോട്ടുമാല ധരിച്ച കൊണ്ടുള്ള ഫോട്ടോകൾ സഹിതമുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഒരു മന്ത്രി നോട്ടുമാല സ്വീകരിക്കുന്നതും ധരിക്കുന്നതും എത്രത്തോളം നിയമവിധേയമാണ് ;

(ഡി) പോലീസ് ഇതുസംബന്ധമായി അന്വേഷിക്കുകയോ എഫ്.ഐ.ആർ. തയ്യാറാക്കി തുടരന്വേഷണം നടത്തുകയോ ചെയ്തിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ& ബി) ഇല്ല.

(സി) നോട്ടുമാല സ്വീകരിക്കുന്നതും അണിയുന്നതും നിയമപരമായി കുറ്റമല്ല. എന്നാൽ ബാങ്ക് നോട്ടുകളുടെ ദുരുപയോഗം ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 2013 സെപ്റ്റംബർ 13-ന് റിസർവ് ബാങ്ക് ഇറക്കിയ പത്രക്കുറിപ്പിൽ ഹാരവും മറ്റുമുണ്ടാക്കുന്നതിന് കറൻസി നോട്ടുകൾ ഉപയോഗിക്കരുതെന്ന് പൊതുജനങ്ങളോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ഡി)'എ', 'ബി' എന്നീ ഉത്തരങ്ങളുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

## സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം

199 (1904) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമ പ്രകാരം വ്യാജവാറ്റുകാർ/മയക്കുമരുന്നു കുറ്റവാളികൾ/ഹവാല തട്ടിപ്പുകാർ/ കള്ളനോട്ടുകാർ, സാമ്പത്തിക തട്ടിപ്പുകാർ/ ബ്ലേഡ് മാഫിയകൾ തുടങ്ങിയവർക്കെതിരെ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly